കേരളകൗമുദി

Print this Page

# ജലസ്രോതസുകൾക്ക് മരണവാറണ്ട്, പരവൂർ കായൽ-ഇത്തിക്കര ആറ് പ്രൊട്ടക്ഷൻ അതോറിട്ടി രൂപീകരിക്കണം

കെ.രാജൻബാബു

Posted on: Thursday, 11 June 2015

കൊല്ലം: പരവൂർ കായലിന്റേയും അതിന്റെ പോഷകനദിയായ ഇത്തിക്കര ആറിന്റേയും സംരക്ഷണവും വികസനവും ഫലപ്രദമായി നടപ്പാക്കാൻ ജനകീയപങ്കാളിത്തത്തോടെ പ്രൊട്ടക്ഷൻ അതോറിട്ടി രൂപീകരിക്കണമെന്ന് ആവശ്യം ഉയർന്നു.

ഇത്തിക്കര ആറ് ഒഴുകുന്ന 12 ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ 'ഹെൽപ്പ് ഫൗണ്ടേഷൻ' രൂപം നൽകിയ പ്രൊട്ടക്ഷൻ കൗൺസിൽ വിവിധതലങ്ങളിൽ നടത്തിയ ചർച്ചയാണ് ഇത്തരം ഒരു ആശയം മുന്നോട്ട് വച്ചത്. ഗുരുതരമായ പരിസ്ഥിതി പ്രതിസന്ധി നേരിടുന്ന കായലിന്റേയും ആറിന്റേയും സംരക്ഷണം അടിയന്തരമായി ഏറ്റെടുത്തില്ലെങ്കിൽ ജില്ല കടുത്ത വരൾച്ചയെ നേരിടും.മാത്രമല്ല, ജൈവവൈവിധ്യ സമ്പത്ത് പൂർണ്ണമായി നശിക്കും

കായൽ-ആറ് സംരക്ഷണത്തിനായി ഹെൽപ്പ് ഫൗണ്ടേഷൻ പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഔദ്യോഗിക തലത്തിൽ നടന്ന ചർച്ചകളിൽ പല നിർദ്ദേശങ്ങളും അധികൃതർ തത്വത്തിൽ അംഗീകരിച്ചതായും ചില പദ്ധതികൾക്ക് തുടക്കമിട്ടതായും ഫൗണ്ടേഷൻ ഡയറക്ടർ പ്രൊഫ: പീറ്റർ പ്രദീപ് പറഞ്ഞു. എന്നാൽ ഒറ്റപ്പെട്ട പദ്ധതികൾ നടപ്പാക്കുകയല്ല, ഒരു പാക്കേജിന്റെ അടിസ്ഥാനത്തിൽ ആക്ഷൻപ്ലാൻ പൂർത്തിയാക്കുകയാണ് വേണ്ടത്.(പരമ്പര അവസാനിച്ചു)

പരവൂർ കായൽ സംരക്ഷണ പദ്ധതി*

പരവൂർ കായലിനും കടലിനും മദ്ധ്യേ മുക്കം ലക്ഷ്മിപുരംതോപ്പ് ഭാഗത്തെ സ്വാഭാവിക പൊഴി യഥാസ്ഥാനത്ത് പുന:സ്ഥാപിക്കുക,

* പൊഴിക്ക് മുകളിലൂടെ ആർച്ച് മാതൃകയിൽ പാലം നിർമ്മിച്ച് തീരദേശ റോഡിൽ ശാശ്വതമായി ഗതാഗതം പു:സ്ഥാപിക്കുക,
* സ്പിൽവെ ഭാഗികമായോ പൂർണ്ണമായോ അടയ്ക്കുക,
* സ്പിൽവെയുടെ കവാടത്തിലും കായൽമദ്ധ്യത്തിലും അടിഞ്ഞുകൂടിയ മണൽ ഡ്രഡ്ജ് ചെയ്ത് നീക്കുക,
* പരവൂർ കായലിൽ പാരമ്പര്യമായി ലഭിച്ചുവന്ന മത്സ്യസമ്പത്തും അവിടുത്തെ ജൈവവൈവിധ്യവും പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക,
* മാലിന്യം നീക്കം ചെയ്യാൻ പദ്ധതികൾ ആവിഷ്ക്കരിക്കുക,
* കണ്ടൽകാടുകൾ നട്ടുവളർത്തി കായൽ തീരസംരക്ഷണം ഉറപ്പാക്കുക,
* റാംസർ സൈറ്റിൽ ഉൾപ്പെടുത്തി അതിന്റെ മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുള്ള തണ്ണീർത്തട പരിപാലന പദ്ധതികൾ നടപ്പാക്കുക.

ഇത്തിക്കര ആറ് സംരക്ഷണ പദ്ധതി

* ആറിന്റെ ഉറവിടങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, കൂളത്തൂപ്പുഴ, ചിതറ, അഞ്ചൽ, പഞ്ചായത്തുകളിൽ ഓയിൽ പാം ഇന്ത്യയ്ക്ക് നൽകിയ 3646 ഹെക്ടർ സ്ഥലത്ത് റീ-പ്ലാന്റേഷൻ നിരോധിക്കുക,
* വനംവകുപ്പിന്റെ സഹകരണത്തോടെ ഈ ഭാഗങ്ങളിൽ വനവല്ക്കരണം നടപ്പാക്കുക,
* സർവ്വെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇത്തിക്കര ആറിന്റെ റീ-സർവ്വെ നടത്തി കൈയ്യേറ്റങ്ങൾ ഒഴിവാക്കുകയും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിക്കുകയും ചെയ്യുക,
* തീരസംരംക്ഷണത്തിന് കണ്ടൽവനവല്ക്കരണം അടക്കം പ്രായോഗിക പദ്ധതികൾ ആവിഷ്ക്കരിക്കുക,
* മാലിന്യസ്രോതസുകൾ കണ്ടെത്തി ഫലപ്രദമായി തടയുക,
* വനമേഖലകളിലെ ആദിവാസികളുടെ ആവാസ വ്യവസ്ഥ പുന:സ്ഥാപിക്കുക,
* ആറിൽ നിന്നുള്ള മണലൂറ്റ് കർശനമായി തടയുക,
* റവന്യു-പരി:സ്ഥിതി വകുപ്പുമായി ചേർന്ന്, ആറ്റിലേക്കുള്ള പ്രാദേശിക ഉറവകളും നീർച്ചാലുകളും പുന:സ്ഥാപിക്കാൻ നടപടി കൈക്കൊള്ളുക.

© Copyright Keralakaumudi Online 2012